# പ്രസ് റിലീസ്

## മഴക്കാല പൂർവ ശൂചീകരണം 2017

## ശില്പശാല

മാലിന്യമുക്ത കേരളം പരിപാടിയോടനുബന്ധിച്ച് മഴക്കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി സംസ്ഥാന ശുചിത്വമിഷൻ കഴിഞ്ഞ ഏപ്രിൽ 12 ന് തിരുവനന്തപുരത്ത് ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഹെൽത്ത് സർവീസ് ഡയറക്ടർ ഡോ. സരിതയുടെ അദ്ധ്യക്ഷതയിൽ കൂടിയ ശില്പശാല ശുചിത്വമിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ ഡോ. കെ.വാസുകി ഐ.എ.എസ് ഉത്ഘാടനം ചെയ്തു. പിറവം മുൻസിപ്പൽ ചെയർമാനും, ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമാൻ സെക്രട്ടറിയുമായ ശ്രീ. സാബു.കെ. ജേക്കബ് ശില്പശാലയിൽ ആമുഖ പ്രഭാഷണം നടത്തി. മഴക്കാലപൂർവ രോഗങ്ങളും, പ്രതിരോധ പ്രവർത്തനങ്ങളും എന്ന വിഷയത്തിൽ ഹെൽത്ത് ഡപ്യൂട്ടി ഡയറക്ടർ ഡോ.വി. മീനാക്ഷിയും മഴക്കാല പൂർവ രോഗപ്രതിരോധ ക്യാമ്പയിൻ മാർഗ്ഗരേഖയും പ്രവർത്തന തന്ത്രങ്ങളും എന്ന വിഷയത്തിൽ ശുചിത്വമിഷൻ കുടിവെള്ള വിഭാഗം ഡയറക്ടർ ശ്രീ. എൽ.പി. ചിത്തറും വിഷയാവതരണം നടത്തി. ഈ വർഷത്തെ മഴക്കാലപൂർവ്വ ക്യാമ്പയിൻ "ഡിസ്പോസിബിൾ ഫ്രീ മഴക്കാലപൂർവ്വ കാമ്പയിൻ" എന്ന പേരിൽ സംഘടിപ്പിക്കേണ്ടതാണ്. ആരോഗ്യവകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി എല്ലാ തലങ്ങളിലും സംഘടിപ്പിക്കുന്ന സുരക്ഷിത ശുചീകരണ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലൂടെ പരിസരശുചിത്വം ഉറപ്പാക്കണം. ഇതിനായി എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തകരെ ഈ ക്യാമ്പയിന്റെ ഭാഗമാക്കുന്നതിന് കഴിയും. പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമിട്ടുകൊണ്ട് ആരോഗ്യവകുപ്പിന്റെ മാർഗനിർദ്ദേശങ്ങളിലെ പരിപാടികളും ഇതുമായി ബന്ധിപ്പിച്ചു സംഘടിപ്പിക്കണം. കൂടാതെ വിദ്യാഭ്യാസം, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത്, തൊഴിൽ തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവും തദ്ദേശ സ്ഥാപനതലത്തിൽ ഉറപ്പുവരുത്തണം. ശുചിത്വ സ്കോഡുകൾ രൂപീകരിക്കുക, ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കുക, ശുചിത്വ മാപ്പിംഗ് നടത്തുക, കൊതുക്, എലി തുടങ്ങിയവ പെറ്റു പെരുകാൻ സാധ്യതയുള്ളയിടങ്ങൾ കണ്ടെത്തി പരിഹാര പരിപാടികൾ എടുക്കുക, തോട്ടം മേഘലകൾ, ചേരി പ്രദേശങ്ങൾ, ട്രൈബൽ കോളനികൾ, അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ എന്നിവ നിരീക്ഷിച്ച് രോഗങ്ങൾ പരകുന്നതിനുള്ള സാധ്യതകൾ ഇല്ലാതാക്കുക ഇവയൊക്കെയാണ് മഴക്കാല പൂർവ ശുചിത്വ ക്യാമ്പയിനിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട മറ്റു ചുമതലകളാണെന്ന് ശില്പശാല വിലയിരുത്തി. വിവിധ വകുപ്പുകളിലെ സംസ്ഥാനതല ഉദ്യോഗസ്ഥൻമാർക്കായി സംഘടിപ്പിച്ച ശില്പശാലയിൽ ശുചിത്വമിഷൻ മോണിട്ടറിംഗ് വിഭാഗം പ്രോഗ്രാം ഓഫീസർ ശ്രീ.ഷാജി ക്ലമന്റ് സ്വാഗതവും, ശ്രീമതി. ഡി.സരോജം നന്ദിയും പറഞ്ഞു.

ഡയറക്ടർ (കുടിവെള്ളം)

ശുചിത്വമിഷൻ